LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇവർക്കായി പൊതുവിദ്യാഭ്യാസ വകുപ്പ് പ്രത്യേക കായികമേള നടത്തുന്നില്ല.

(ബി) ഉണ്ട്. സ്പെഷ്യൽ സ്കൂൾ കലാമേളകളിൽ വിവിധ ഗ്രേഡുകൾ ലഭിക്കുന്നവർക്ക് ഗ്രേസ് മാർക്ക് നൽകിവരുന്നുണ്ട്.

(സി) ബാധകമല്ല.

**ഹരിത സംരക്ഷണ സേന**

112(800) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര സ്കൂളുകളിൽ ഹരിത സംരക്ഷണ സേന ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഹരിത സംരക്ഷണസേന ആരംഭിക്കുമ്പോൾ വിഭാവനം ചെയ്ത പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(സി) ഹരിത സംരക്ഷണസേന കേഡറ്റുകൾക്ക് എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് ഗ്രേസ് മാർക്ക് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ-സി) സംസ്ഥാനത്തെ സ്കൂളുകളിൽ ഹരിത സംരക്ഷണ സേന ആരംഭിച്ചിട്ടില്ല.

**പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ് കെട്ടിടത്തിന്റെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് നടപടി**

113 (801) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റ് പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ ദയനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ അറ്റകുറ്റപണികൾ സമയബന്ധിതമായി പൂർത്തീകരിക്കുമോ;

(ബി) ഡി. പി. ഐ. ആസ്ഥാനത്ത് പുതിയതായി നിർമ്മിക്കുന്ന കെട്ടിടം ഏത് പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് നിർമ്മിക്കുന്നത് ; ഇതിന്റെ പണികൾ നിന്നു പോകുന്നതിന് കാരണമെന്താണ്;

(സി) ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത കെട്ടിടത്തിന് അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ അനുവദിച്ചിട്ടുള്ളത്;

(ഡി) പ്രസ്തുത കെട്ടിടത്തിന്റെ പണി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; ആയതിന് ആവശ്യമായ ഫണ്ട് അനുവദിക്കുമോ;

(ഇ) ഈ കെട്ടിടം പൂർത്തീകരിക്കുമ്പോൾ ഡി.പി.ഐ.-യിലെ ഓഫീസുകൾ അവിടേക്ക് മാറ്റാൻ കഴിയുമോ?

ഉത്തരം

(എ) ഉണ്ട്. അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഓഫീസ് കെട്ടിടങ്ങൾ ചെയ്യുന്നതിനുള്ള ശീർഷകത്തിലെ പ്ലാൻ വർക്കിൽ ഉൾപ്പെടുത്തിയാണ് കെട്ടിടം നിർമ്മിക്കുന്നത്. 420 ലക്ഷം രൂപയുടെ പണികൾ പൂർത്തീകരിച്ചു. ബാക്കി പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് ഇനിയും 486 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

(സി) 25-2-2011 ലെ സ.ഉ (സാധാ) നമ്പർ 350/2011/പി.ഡബ്ല്യു.ഡി. നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ആദ്യഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ഡി) രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

(ഇ) കഴിയും എന്ന് പ്രതീക്ഷിക്കുന്നു.

**പൊതു വിദ്യാലയങ്ങളിലെ കുട്ടികളുടെ എണ്ണം**

114(802) <u>ശ്രീമതി യു. പ്രതിഭ ഹരി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ കുറെ വർഷങ്ങളായി സംസ്ഥാനത്തെ പൊതു വിദ്യാലയങ്ങളിൽ കുട്ടികൾ കുറഞ്ഞു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ കാരണം പരിശോധിച്ച് പൊതു വിദ്യാലയങ്ങളിലെ കുട്ടികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) ഇതിനായി പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്നത് പരിഗണനയിലുണ്ടോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി & സി) പരിശോധിച്ചുവരുന്നു.

**എൽ.എസ്.എസ്., യു.എസ്.എസ്. സ്കോളർഷിപ്പ് പരീക്ഷ**



LIBRARY ARCHIVES Kerala Legislative Assembly